(ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഇ) പ്രവർത്തന സജ്ജമായ ഗ്രന്ഥശാലകൾക്കൊന്നുംതന്നെ കൗൺസിലിൽ നിന്ന് കുടിശ്ശിക നൽകാനില്ല.

(എഫ്)(1) സേവന കേന്ദ്രം (റൂറൽ ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സെന്റർ) വിജ്ഞാനം ഗ്രാമീണതലങ്ങളിലേക്ക് എത്തിക്കുന്നതിന് ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഈ കേന്ദ്രം ഓരോ ജില്ലയിലും ഓരോന്നുവീതം പ്രവർത്തിക്കുന്നു.

(2) അക്കാഡമിക് സ്റ്റഡി സെന്റർ, വിദൂര വിദ്യാഭ്യാസത്തിനും സമാന്തര വിദ്യാഭ്യാസത്തിനും പ്രാമുഖ്യം നൽകി കമ്പ്യൂട്ടറിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നു.

(3) താലൂക്ക് റഫറൻസ് ലൈബ്രറികൾ:-
ഇന്റർനെറ്റ് - ഇ മെയിൽ സംവിധാനത്തോടെ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി എല്ലാ താലൂക്കുകളിലും ഒന്നുവീതം പ്രവർത്തിക്കുന്നു.

(4) ലൈബ്രറികളുടെ കാറ്റലോഗിംഗ് ക്ലാസിഫിക്കേഷൻ രീതികൾക്കും ലൈബ്രറി മാനേജുമെന്റിനുമായി മലയാളം അടിസ്ഥാനമാക്കിയിട്ടുള്ള സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(5) ആധുനിക സംവിധാനത്തോടെ 5 ജില്ലകളിൽ ജില്ലാ ലൈബ്രറികൾ പ്രവർത്തിക്കുന്നു.

(6) കൂടുതൽ ഗ്രന്ഥശാലകളെ ആധുനിക വിവര സാങ്കേതിക വിദ്യയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പ്രോജക്ടുകൾ തയ്യാറാകുന്നുണ്ട്.

തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

138 [3664] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ലൈബ്രറി ആധുനികവൽക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പത്രങ്ങളും മാസികകളും വായിക്കാൻ എത്തുന്നവർക്ക് അനുഭവപ്പെടുന്ന പ്രയാസങ്ങൾ ദൂരീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ലൈബ്രറി അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് പത്രമാസികകളുടെ എണ്ണം വർദ്ധിപ്പിക്കാത്തതുകൊണ്ട് പത്രമാസികകൾ യഥാസമയം അംഗങ്ങൾക്ക് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസിദ്ധമായ എല്ലാ പത്രങ്ങളും മാസികകളും ലൈബ്രറിയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായിട്ടും ആധുനികവൽക്കരണത്തിന്റെ ഭാഗമായിട്ടും റഫറൻസ് വിഭാഗം എയർകണ്ടിഷൻ ചെയ്യുകയും ക്ലോസ്ഡ് റഫറൻസ് വിഭാഗം എയർ കണ്ടിഷനിംഗ് ചെയ്യുന്നതിന്റെ പണികൾ ആരംഭിക്കുകയും പുസ്തകശാല വിഭാഗം കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസേഷൻ ജോലികൾ ആരംഭിച്ചിട്ടുണ്ട്. ഓഫീസ് ഓട്ടോമേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഇന്റർനെറ്റ് ബ്രൗസിംഗ് സെന്ററും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുറവെന്തെങ്കിലും ഉണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

യു. ജി. സി. നിയമമനുസരിച്ച് ലൈബ്രേറിയൻമാരുടെ ശമ്പള നിർണ്ണയം

139 [3665] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly